# കേരള സംസ്ഥാനപ്രവാസി ക്ഷേമ വികസനസഹകരണ സംഘം
# (പ്രവാസിസ് ലിമിറ്റഡ്). ക്ലിപ്തം നമ്പർ 4455. മലപ്പുറം

**മെമ്പേഴ്സ് ഗ്രൂപ്പ് ഡെപ്പോസിറ്റ് & ബെനിഫിറ്റ് പദ്ധതി**

**<u>അപേക്ഷാ ഫോം</u>**

പദ്ധതി നമ്പർ : ......................................................................

പദ്ധതിയിലെ അംഗത്വ നമ്പർ : ......................................................................
(Subscription No.)

തവണകളുടെ എണ്ണവും സംഖ്യയും : ......................................................................

നിക്ഷേപ തുക : ......................................................................

മെമ്പർ നമ്പറും പേരും വയസ്സും : ......................................................................

മേൽവിലാസം : ......................................................................

......................................................................

......................................................................

പോസ്റ്റ് : ....................................ജില്ല : ....................................

ഫോൺ : .................................... Mob : ....................................

നോമിനിയുടെ പേരും ബന്ധവും ......................................................................

വിലാസവും : ......................................................................

ഒന്നാമത്തെ തവണ തീയതി :

പിന്നീടുള്ള തവണകളുടെ തീയ്യതി : എല്ലാ ഇംഗ്ലീഷ് മാസവും.................. ൦ം തീയ്യതി (അന്നേ ദിവസം അവധിയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം)

ലേലനടപടി/നറുക്കെടുപ്പ് നടപടി ആരംഭിക്കുന്ന സമയം :

ലേലനടപടി/നറുക്കെടുപ്പ് നടപടി അവസാനിക്കുന്ന സമയം :

## നിർവചനങ്ങൾ

ഈ നിബന്ധനകളിൽ മറ്റു വിവരങ്ങൾ ആവശ്യമില്ലായെങ്കിൽ

1. പദ്ധതി എന്നതിന്റെ അർത്ഥം കേരള സംസ്ഥാനപ്രവാസി ക്ഷേമ വികസന സഹകരണ സംഘം മെമ്പേഴ്സ് ഗ്രൂപ്പ് ഡെപ്പോസിറ്റ് & ബെനിഫിറ്റ് പദ്ധതി എന്നതാണ്.
2. സംഘം എന്നതിന്റെ അർത്ഥം കേരള സംസ്ഥാനപ്രവാസി ക്ഷേമ വികസനസഹകരണ സംഘം (പ്രവാസിസ് ലിമിറ്റഡ്) ക്ലിപ്തം നമ്പർ 4455 എന്നതാണ്.
3. അംഗങ്ങൾ എന്നതിന്റെ അർത്ഥം കേരള സംസ്ഥാനപ്രവാസി ക്ഷേമ വികസനസഹകരണ സംഘം (പ്രവാസിസ് ലിമിറ്റഡ്) ക്ലിപ്തം നമ്പർ 4455 ലെ അംഗങ്ങൾ എന്നതാണ്.

## നിബന്ധനകൾ

1. ഈ പദ്ധതിയുടെ പേര് കേരള സംസ്ഥാനപ്രവാസി ക്ഷേമ വികസനസഹകരണ സംഘം (പ്രവാസിസ് ലിമിറ്റഡ്) ക്ലിപ്തം നമ്പർ 4455 മെമ്പേഴ്സ് ഗ്രൂപ്പ് ഡെപ്പോസിറ്റ് & ബെനിഫിറ്റ് സ്കീം എന്നായിരിക്കും.
2. ഈ നിക്ഷേപ പദ്ധതിയിലെ നിക്ഷേപകർ സംഘത്തിലെ അംഗങ്ങൾ മാത്രമായിരിക്കുന്നതാണ്. സംഘത്തിന് വേണ്ടി ഭരണസമിതി നിയോഗിക്കുന്ന അതാത് കാലത്തെ സെക്രട്ടറി പദ്ധതി സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതുമാണ്.
3. പദ്ധതി സംബന്ധമായി സംഘത്തിലേക്ക് എഴുതി വാങ്ങുന്ന എല്ലാ പ്രമാണങ്ങളും സെക്രട്ടറിയുടെ പേരിൽ ആയിരിക്കുന്നതാണ്.
4. ഓരോ തവണയും മൊത്തം നിക്ഷേപ തുകയുടെ 5% വരുന്ന സംഘത്തിന്റെ കമ്മീഷനായി മാറ്റി വെക്കുന്നതാണ്. 5% ഉൾപ്പെടെ പരമാവധി 30% വരെ കുറച്ച് നിക്ഷേപകന് അഡ്വാൻസ് ആവശ്യപ്പെടാവുന്നതുമാണ്.
5. 5% സംഘം കമ്മീഷനും പരമാവധി 25% വരെ ബോണസും കഴിച്ച് ആവശ്യമുള്ള നിക്ഷേപകനുണ്ടെങ്കിൽ ആനിക്ഷേപകന് തുക നൽകുന്നതാണ്. അപ്രകാരം തുക ആവശ്യമുള്ളവർ ഒന്നിലധികം പേരുണ്ടെങ്കിൽ അവരുടെ പേര് നറുക്കിട്ടെടുക്കുന്നതും നറുക്ക് കിട്ടുന്ന നിക്ഷേപകന് അഡ്വാൻസ് നൽകുന്നതുമാണ്.
6. 5% കൂടുതലും എന്നാൽ 30%ത്തിൽ കുറവായും അഡ്വാൻസ് ആവശ്യമുള്ള നിക്ഷേപകർ ഉള്ളപക്ഷം കൂടുതൽ തുക കുറവു ചെയ്ത് അഡ്വാൻസ് ആവശ്യപ്പെടുന്ന നിക്ഷേപകന് തുക നൽകുന്നതാണ്.
7. നറുക്കെടുപ്പിന് ആളില്ലാതെ വന്നാൽ 5% കുറവ് ചെയ്ത് ഗഡു മുടക്കമില്ലാത്ത നിക്ഷേപകരുടെ പേര് നറുക്കെട്ടെടുക്കുന്നതും നറുക്ക വീണ നിക്ഷേപകന് അഡ്വാൻസ് നൽകുന്നതുമാണ്.
8. നറുക്കെടുപ്പിൽ കുറച്ച് സംഖ്യയിൽ നിന്നും 5% സംഘം കമ്മീഷൻ നീക്കിയ ശേഷം വരുന്ന തുക എല്ലാ നിക്ഷേപകർക്കും തുല്യമായി വീതിച്ച് ബോണസ്സായി ണനുവദിക്കുന്നതാണ്. എന്നാൽ അഡ്വാൻസ് ലഭിച്ച നിക്ഷേപകൻ തവണ സംഖ്യ തവണ തീയ്യതിക്ക് ശേഷം 3 ദിവസമോ അതിൽ കൂടുതലോ കുടിശ്ശിക വരുത്തുന്ന പക്ഷം അത്തരം നിക്ഷേപകർക്ക് പ്രസ്തുത തവണയുടെ ബോണസ്സിന് അർഹത ഇല്ലാതായിരിക്കുന്നതും അത്തരം സംഖ്യ ബാങ്കിലേക്ക് മുതൽ കൂട്ടുന്നതുമാണ്.
9. നിക്ഷേപകൻ തവണ തോറും അടക്കേണ്ട തുക നിശ്ചിത തവണ തീയ്യതിക്കു മുമ്പായി സംഘത്തിൽ അടക്കേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം നറുക്കെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയില്ലാത്തതുമാകുന്നു. ഒരു തവണ മുടക്കം വരുത്തുന്ന നിക്ഷേപകന് അടുത്ത തവണ തീയ്യതിക്കു മുമ്പായി 12% പലിശയോടു കൂടി തവണ കുടിശ്ശിക തീർക്കാവുന്നതും നിക്ഷേപകന് നറുക്കെടുപ്പിൽ പങ്കു കൊള്ളാവുന്നതുമാണ്. എന്നാൽ രണ്ടോ അതിൽ കൂടുതലോ തവണ കുടിശ്ശിക വരുത്തുന്ന നിക്ഷേപകന് ബോണസ്സ് ലഭിക്കുവാൻ അർഹതയില്ലായില്ലാത്തതും തവണ സംഖ്യ 12% പലികയോടു കൂടി  റൊക്കം അടച്ച് കുടിശ്ശിക തീർത്ത് പദ്ധതിയിൽ തുടരാവുന്നതുമാണ് . 5വണയിൽ കൂടുതൽ മുടക്കം വരുത്തിയ അംഗത്തെ പദ്ധതിയിൽ നിന്നും നീക്കം ചെയ്ത് മറ്റൊരാളെ പകരം ചെർക്കുന്നതിന് അഥവാ തൽസ്ഥാനം സംഘം ഏറ്റെടുക്കുന്നതിനും സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. പകരം ചേർക്കപ്പെടുന്ന നിക്ഷേപകന് അഡ്വാൻസ് കൊടുക്കുന്ന സമയം നീക്കപ്പെടുന്ന നിക്ഷേപകൻ അടച്ചിട്ടുള്ള തുക രസീതി എഴുതി കൊടുത്ത് വാങ്ങാവുന്നതാണ്.
10. അഡ്വാൻസ് ലഭിച്ച് നിക്ഷേപകൻ മുടക്കം വരുത്തിയാൽ ബോണസ്സിന് അർഹതയില്ലാതായിത്തീരുകയും മുടക്കം വരുന്ന തുകക്ക് 12% വീതം പലിശ നൽകേണ്ടതുമാണ്. അപ്രകാരം ചെയ്യാതിരുന്നാൽ മേലാൽ അടക്കുവാനുള്ല മുഴുവൻ തുകയും മുടക്ക് തീയ്യതി മുതൽ 12% പലിശയും നടപടി ചെലവ് മുതലായവയും ഈടാക്കി കിട്ടുന്നതിന് സംഘത്തിന് അവകാശമുള്ളതും കൊടുക്കാൻ നിക്ഷേപക ൻ ബാധ്യസ്ഥനുമാണ്.
11. പദ്ധതിയിലെ അംഗങ്ങൽ നറുക്കെടുപ്പിലൂടെയോ അല്ലാതെയോ പണം കൈപറ്റുന്നതിന് പദ്ധതിയിൽ മേലാൽ അടക്കുവാനുള്ള സംഖ്യക്ക് മതിയായ ഉറപ്പിലേക്കായി ആള്ഡ ജാമ്യം അദ്യോഗസ്ഥ ജാമ്യം, സ്വർണ്ണ ഉരുപ്പടികൾ വസ്തു    ജാമ്യം, സംഘത്തിന്റെ തന്നെയുള്ള സ്ഥിര നിക്ഷേപം ഇവയിലൊന്ന് സംഘത്തിന് ഈടായി നൽകേണ്ടതും ആയത് ഭരണസമിതി അംഗീകരിച്ച ശേഷം അടുത്ത നറുക്കെടുപ്പ് തീയ്യതിക്കോ അതിനു ശേഷമോ കൈപ്പറ്റേണ്ടതുമാണ്. ഈ പദ്ധതി അവസാനിക്കുമ്പോൾ അതു പ്രകാരമുള്ള നിക്ഷേപ തുക ടിയാന്റെ അഡ്വാൻസ് ഇടപാടിലേക്ക് വരവ് ചെയ്ത് ഇടപാട് അവസാനിപ്പിക്കാവുന്നതാണ്. ഈ പദ്ധതിയിൽ നിന്ന് നിക്ഷേപകന് പലിക ലഭിക്കുകയോ പദ്ധതി പ്രകാരമുള്ള അഡ്വാൻസിന് പലിശ ഈടാക്കുകയോ ചെയ്യുന്നതല്ല.

12. നറുക്കെടുപ്പിൽ കുറച്ച് സംഖ്യയിൽ നിന്നും സംഘം കമ്മീഷൻ നീക്കിയ ശേഷം എല്ലാവർക്കും അവൻ എടുത്തിട്ടുള്ള ഓഹരി ക്രമം അനുസരിച്ച് ബോണസ്സ് നൽകുന്നതിനും സംഘത്തിന് കമ്മീഷൻ വകക്കുമായി അഡ്വാൻസ് വാങ്ങിയ നിക്ഷേപകൻ വകവെച്ചു പറ്റിയതായും രശീതി കൊടുക്കേണ്ടതാണ്.

13. അഡ്വാൻസ് വാങ്ങിയ ശേഷം നിക്ഷേപ പദ്ധതിയിൽ മുടക്കം വരുത്തിയ നിക്ഷേപകനിൽ നിന്നോ ടിയാന്റെ ജാമ്യക്കാരിൽ നിന്നോ ഈ പദ്ധതി അവസാനിക്കുന്നതിന് മുമ്പ് എപ്പോൾ വേണമെങ്കിലും മുഴുവൻ അഡ്വാൻസ് തുകയും പലിശ, മറ്റു ചിലവുകൾ എന്നിവയും ഈടാക്കുന്നതിന് സംഘത്തിന് അധികാരവും അവകാശവുമുള്ളതാകുന്നു.

14. അഡ്വാൻസ് കൈപറ്റാത്ത ഏതൊരു നിക്ഷേപകനും സംഘം ഭരണ സമിതിയുടെ രേഖാമൂലമായ അനുമതിയോടുകൂടി സ്വന്തം പദ്ധതിയിലുള്ള അവകാശങ്ങൾ മറ്റൊരാൾക്ക് കൈമാറാവുന്നതാണ്.

15. കാലാവധിക്ക് പദ്ധതി തുക ലഭിക്കേണ്ട നിക്ഷേപകന് സംഘം കമ്മീഷൻ കഴിച്ചുള്ള തുക പദ്ധതി അവസാനിച്ച് ഒരു മാസത്തിനകം സംഘം കൊടുക്കേണ്ടതും അപ്രകാരം കൊടുക്കാതിരുന്നാൽ ടി തുക 10 % പലിക സഹിതം ഈടാക്കി എടുക്കുന്നതിനും നിക്ഷേപകന് അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

16. പദ്ധതിയുടെ അംഗങ്ങൾക്കും അവരിൽ നിന്ന് രേഖാമൂലം അംഗീകാരം സിദ്ധിച്ചവർക്കും മാത്രമേ പദ്ധതി നടപടികളിൽ പങ്കു കൊള്ളുവാൻ പാടുള്ളൂ.

17. നിക്ഷേപകന്റെ നോമിനിയെ ഈ നിബന്ധനയിൽ ചേർക്കേണ്ടതും നിക്ഷേപകൻ മരണപ്പെട്ടാൽ പദ്ധതി സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങൾക്കും നോമിനിക്ക് ലഭിക്കുന്നതുമാകുന്നു.

18. മേൽപ്പറഞ്ഞ നിബന്ധനകൾക്ക് ഏതെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ ആയത് സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂട്ടി അനുവാദത്തോടെ ആയിരിക്കേണ്ടതും ആകുന്നു.

മേൽക്കാണിച്ച എസ്സാ നിബന്ധനകളും ഞാൻ മനസ്സിലാക്കുകയും അവ എനിക്ക് ബാധകമാണെന്ന് സമ്മതിക്കുകയും പദ്ധതി സംബന്ധിച്ച മേലിൽ സംഘം ഭരണസമിതി ഉണ്ടാക്കുന്ന എല്ലാ നിബന്ധനകളും എനിക്ക് ബാധകമാണെന്ന് സമ്മതിച്ച് താഴെക്കാണുന്ന സാക്ഷികൾ മുമ്പാകെ ഇതിൽ ഒപ്പു വെക്കുന്നു.

അപേക്ഷകന്റെ പേരും ഒപ്പും

സാക്ഷികളുടെ പേരും ഒപ്പും

1.

2.

സ്ഥലം :

തീയ്യതി :

# മെമ്പേഴ്സ് ഗ്രൂപ്പ് ഡെപ്പോസിറ്റ് & ബെനിഫിറ്റ് പദ്ധതികൾ

| മാസ തവണ | സംഖ്യ | നിക്ഷേപ തുക | | മാസ തവണ | സംഖ്യ | നിക്ഷേപ തുക |
|---|---|---|---|---|---|---|
| 25 | 4,000/- | 1,00,000/- | | 25 | 8,000/- | 2,00,000/- |
| 40 | 2500/- | 1,00,000/- | | 40 | 10,000/- | 2,00,000/- |
| 50 | 2,000/- | 1,00,000/- | | 50 | 4,000/- | 2,00,000/- |
| 100 | 1,000/- | 1,00,000/- | | 100 | 2,000/- | 2,00,000/- |
| | | | | | | |
| 25 | 12,000/- | 3,00,000/- | | 25 | 16,000/- | 4,00,000/- |
| 40 | 7,500/- | 3,00,000/- | | 40 | 10,000/- | 4,00,000/- |
| 50 | 6,000/- | 3,00,000/- | | 50 | 8,000/- | 4,00,000/- |
| 100 | 3,000/- | 3,00,000/- | | 100 | 4,000/- | 4,00,000/- |
| | | | | | | |
| 25 | 20,000/- | 5,00,000/- | | 25 | 32,000/- | 8,00,000/- |
| 40 | 12,500/- | 5,00,000/- | | 40 | 20,000/- | 8,00,000/- |
| 50 | 10,000/- | 5,00,000/- | | 50 | 16,000/- | 8,00,000/- |
| 100 | 5,000/- | 5,00,000/- | | 80 | 10,000/- | 8,00,000/- |
| | | | | 100 | 8,000/- | 8,00,000/- |
| | | | | | | |
| 25 | 40,000/- | 10,00,000/- | | 50 | 30,000/- | 15,00,000/- |
| 40 | 25,000/- | 10,00,000/- | | 100 | 15,000/- | 15,00,000/- |
| 50 | 20,000/- | 10,00,000/- | | | | |
| 80 | 12,500/- | 10,00,000/- | | 50 | 40,000/- | 20,00,000/- |
| 100 | 10,000/- | 10,00,000/- | | 100 | 20,000/- | 20,00,000/- |
| | | | | | | |
| 50 | 50,000/- | 25,00,000/- | | | | |
| 100 | 25,000/- | 25,00,000/- | | | | |

## ഓഫീസ് ഉപയോഗത്തിന്